**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2293** **30-07-2021 - ൽ മറുപടിയ്ക്ക്**

**സാങ്കേതിക മികവുള്ള വീടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് , ശ്രീ . ഐ .സി .ബാലകൃഷ്ണൻ , ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri Saji Cherian (മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിക്കുന്നതിനായി സംസ്ഥാന സർക്കാർ നൽകുന്ന ആറ് ലക്ഷം രൂപ പര്യാപ്തമല്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ മുൻകൈയെടുക്കുമോ; | (എ) | മത്സ്യത്തൊഴിലാളികൾക്ക് പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് അനുവദിക്കുന്ന അതേ മാതൃകയിൽ 4 ലക്ഷം രൂപയാണ് ഭവന നിർമ്മാണത്തിന് ലൈഫ് മിഷൻ മുഖേന ധനസഹായം അനുവദിക്കുന്നത്. പുനർഗേഹം പദ്ധതിയിൽ ഭൂമി വാങ്ങി ഭവന നിർമ്മാണം നടത്തുന്നതിന് 10 ലക്ഷം രൂപയാണ് ധനസഹായം. പദ്ധതി പ്രകാരം പരമാവധി 6 ലക്ഷം രൂപ വരെയാണ് ഭൂമി വിലയായി അനുവദിക്കുന്നത്. ഭൂമി 6 ലക്ഷം രൂപയിൽ കുറവ് തുകയ്ക്ക് കണ്ടെത്താൻ കഴിയുന്ന പക്ഷം ബാക്കി തുക കൂടി ഭവന നിർമ്മാണത്തിന് അനുവദിക്കുന്നുണ്ട്. |
| (ബി) | കടൽക്ഷോഭവും ഉപ്പുകലർന്ന കാറ്റും കാരണം മത്സ്യത്തൊഴിലാളികളുടെ വീടുകൾക്ക് പെട്ടെന്ന് കേടുപാടുകൾ സംഭവിക്കുന്നതിനാൽ കൂടുതൽ സാങ്കേതിക മികവുള്ള വീടുകൾ വയ്ച്ചുനൽകാൻ പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (ബി) | പുനർഗേഹം പദ്ധതി പ്രകാരം സാങ്കേതിക മികവുള്ള മികച്ച കെട്ടിട സമുച്ചയങ്ങളാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തീരദേശ വികസന കോർപ്പറേഷൻ മുഖേന നിർമ്മിച്ച് നൽകുന്നത്. ഇതിനകം മുട്ടത്തറയിൽ 192 ഫ്ളാറ്റുകൾ വച്ചു നൽകുകയും 1174 ഫ്ളാറ്റുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. |
| (സി) | മത്സ്യത്തൊഴിലാളികൾക്ക് ശൗചാലയങ്ങൾ നിർമ്മിക്കുവാനായി പ്രത്യേക പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (സി) | പ്രത്യേക പദ്ധതി നിലവിലില്ല. എന്നാൽ ശൗചാലയങ്ങളോട് കൂടിയ ഭവനങ്ങളാണ് നിലവിൽ നിർമ്മിച്ച് നൽകുന്നത്. |

സെക്ഷൻ ഓഫീസർ